പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 435 | 16.05.2017 ൽ മറുപടിക്ക്

## മദ്യപിച്ചുകൊണ്ടുള്ള വാഹന ഡ്രൈവിംഗ്

ചോദ്യം

ശ്രീ.ടി.വി.ഇബ്രാഹിം
„ മഞ്ഞളാംകുഴി അലി
„ പി.ഉബൈദുള്ള
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :

മറുപടി

ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

(എ) മദ്യപിച്ചുകൊണ്ടുള്ള വാഹന ഡ്രൈവിംഗ് അപകട സാധ്യത എത്രത്തോളം വർദ്ധിപ്പിക്കും എന്നതു സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതു സംബന്ധിച്ച് മറ്റേതെങ്കിലും ഏജൻസി പഠനം നടത്തിയതിന്റെ വിവരങ്ങൾ വകുപ്പിന് അറിവുണ്ടോ; വിശദമാക്കുമോ;

(എ) മദ്യപിച്ചുകൊണ്ടുള്ള വാഹന ഡ്രൈവിംഗ് അപകട സാധ്യത വർദ്ധിപ്പിക്കും എന്നത് സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് പഠനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല. ഇത് സംബന്ധമായി മറ്റേതെങ്കിലും ഏജൻസി നടത്തിയ പഠനത്തിന്റെ വിവരങ്ങൾ വകുപ്പിൽ ലഭ്യമല്ല.മദ്യം ഡ്രൈവറുടെ ശാരീരികവും മാനസികവുമായ പ്രതികരണശേഷിയെ ബാധിക്കുമെന്നതിനാൽ മദ്യപിച്ചുള്ള വാഹനമോടിക്കൽ, ഓടിക്കുന്നയാൾക്കും മറ്റ് റോഡുപയോഗിക്കുന്നവർക്കും വളരെ അപകടകരമായ അവസ്ഥ സൃഷ്ടിക്കുമെന്നത് ഇതിനകം തന്നെ ശാസ്ത്രീയ പഠനങ്ങളിൽ നിന്നും വെളിപ്പെട്ടിട്ടുള്ളതാണ്.

(ബി) വർദ്ധിച്ചു വരുന്ന റോഡപകടങ്ങളുടെ കാര്യത്തിൽ മദ്യപാനത്തിന് പങ്കുള്ളതായി കരുതുന്നുണ്ടോ; എങ്കിൽ മദ്യപാനം മൂലമുണ്ടാകുന്ന അപകടങ്ങളുടെ കണക്ക് ശേഖരിക്കാറുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ബി) യും (സി) യും 2015 നെ അപേക്ഷിച്ച് 2016 ൽ വാഹനാപകടങ്ങളുടെ എണ്ണത്തിലും തൻമൂലമുള്ള മരണങ്ങളിലും വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും മദ്യപിച്ചുകൊണ്ടുള്ള വാഹനമോടിക്കൽ അപകടത്തിന് കാരണമാക്കുന്ന കേസുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്.

| വർഷം | അപകടങ്ങൾ | മരണപ്പെട്ടവർ | മദ്യപിച്ച് കൊണ്ടുള്ള വാഹനമോടിക്കൽ കാരണമുണ്ടായ അപകടങ്ങൾ |
|---|---|---|---|
| 2015 | 39014 | 4196 | 27 |
| 2016 | 39420 | 4287 | 16 |

(സി) ഇതേവരെ അത്തരമൊരു വിവര ശേഖരണം നടത്തിയിട്ടില്ലെങ്കിൽ, ആയത് നടത്തുമ്പോൾ അപകട ത്തോതും അതുമൂലമുള്ള നാശനഷ്ട ക്കണക്കും കൂടി രേഖപ്പെടുത്താൻ അടിയന്തര നിർദ്ദേശം നൽ കുമോ; വിശദമാക്കുമോ?

2017 ലെ ആദ്യത്തെ മൂന്ന് മാസങ്ങളിൽ തലേ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് റോഡപകടങ്ങളുടെ എണ്ണത്തിലും മരണപ്പെട്ടവരുടെ എണ്ണത്തിലും കുറവു ണ്ടായിട്ടുണ്ട്. 2017 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 9766 വാഹനാപകട ങ്ങളുണ്ടായതിൽ 3 എണ്ണം മദ്യപിച്ച് കൊണ്ടുള്ള വാഹനമോടിക്കൽ മൂലമുണ്ടായതായി പ്രസ്തുത കണക്കുകൾ വ്യക്തമാക്കുന്നു. മദ്യപിച്ച് വാഹനം ഓടിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുകയും പിഴ ഈടാക്കുകയും സസ്പെന്റ് ചെയ്യുകയും ചെയ്യുന്നുണ്ട്. വാഹന പരിശോധന വേളകളിൽ മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ കണ്ടെത്തുവാനായി മോട്ടോർ വാഹന വകുപ്പ് ആൽക്കോ മീറ്ററുകൾ ഉപയോഗിച്ചുള്ള പരിശോധനകൾ നടത്തി വരുന്നുണ്ട്. മദ്യപിച്ച് വാഹനം ഓടിച്ചതിന് 2016 ൽ മാത്രം 4380 പേർക്ക് എതിരെ നിയമ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മദ്യപിച്ച് വാഹനം ഓടിക്കുന്നത് തടയുവാനായി ഡ്രൈവർമാർക്ക് അവബോധം നൽകുന്നതിനായി ബോധവൽക്കരണ ക്ലാസുകൾ വകുപ്പ് മുൻകൈ എടുത്ത് നടത്തി വരുന്നുണ്ട്. മദ്യപിച്ച് കൊണ്ടുള്ള വാഹനമോടിക്കൽ വാഹനാ പകടങ്ങളുടെ കാരണങ്ങളിലൊന്നായി കണക്കാക്കുന്നുണ്ട്. സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോ ഇത്തര ത്തിലുള്ള കണക്ക് ശേഖരിക്കാറുണ്ട്. 2015 ൽ 0.069 ആണ് മദ്യപാനം മൂലമുള്ള വാഹനാപകടങ്ങൾ എങ്കിൽ 2016 ൽ അത് 0.04 ശതമാനമായി കുറഞ്ഞു. 2017 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 0.03 ശതമാനമാണ് മദ്യപാനം മൂലമുള്ള വാഹനാപകടങ്ങൾ. നാശനഷ്ട കണക്ക് കൂടി രേഖപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പരിശോധിച്ച് നൽകുന്നതാണ്.

SRD

സെക്ഷൻ ഓഫീസർ